"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ജലവിഭവ വകുപ്പ് - വേമ്പനാട് ഇക്കോ ഡെവലപ്പ്മെന്റ് അതോറിറ്റി (VEDA) രൂപീകരണ പ്രവർത്തനങ്ങൾ - അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

ജലവിഭവ (എം ഐ) വകുപ്പ്

സ.ഉ.(കൈ) നം.34/2020/ജ.വി.വ തീയതി,തിരുവനന്തപുരം, 15/05/2020

---

പരാമർശം:- ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 28/03/2019 ലെ പി . എൻ 2/17959/2011 നമ്പർ കത്ത്

ഉത്തരവ്

വേമ്പനാട് കായലിന്റെ പാരിസ്ഥിതിക സംരക്ഷണത്തിനുവേണ്ടി വേമ്പനാട് ഇക്കോ ഡെവലപ്പ്മെന്റ് അതോറിറ്റി (VEDA) രൂപീകരിക്കുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നു .

കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി (SWA -K) നിലവിൽ വന്നിട്ടുള്ളത് കേന്ദ്ര തണ്ണീർത്തട റൂൾ പ്രകാരമാണ് എന്നതിനാൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 ന്റെ ഭേദഗതിയിലൂടെ തണ്ണീർത്തട വികസന ബോർഡുകൾ രൂപീകരിക്കുക എന്ന ലക്ഷ്യത്തിന് പ്രായോഗികമായി തടസ്സങ്ങളുണ്ടെന്ന് മേൽ പരാമർശപ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ റാംസർ തടാകമായ വേമ്പനാട് കോൾ തണ്ണീർത്തടത്തിന്റെ പരിപാലനപദ്ധതികൾ തണ്ണീർത്തട അതോറിറ്റി മുഖേന വിവിധ ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്. കേന്ദ്ര നിയമത്തിന്റെ ചട്ടങ്ങളനുസരിച്ച് വേമ്പനാട് കായൽ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി പരിസ്ഥിതി വകുപ്പ് രൂപീകരിച്ചതിനാൽ വേമ്പനാട് ഇക്കോ ഡവലപ്പ്മെന്റ് അതോറിറ്റി (VEDA) രൂപീകരിക്കുന്നതിനു പ്രസക്തിയില്ലാത്തതിനാൽ വേമ്പനാട് ഇക്കോ ഡവലപ്പ്മെന്റ് അതോറിറ്റി (VEDA) രൂപീകരണം സംബന്ധിച്ച പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക്.ഐ.എ.എസ്

സെക്രട്ടറി